12/1/22 22/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1553 (5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 12648/SIC-G7/2019

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എൻ.എം.രാജൻ,
രാധാ മന്ദിരം, പട്ടത്താനം പി.ഒ,
കൊല്ലം – 691 021. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കൊല്ലം ഡിവിഷൻ, കൊല്ലം – 691 001.

2. അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കൊല്ലം ഡിവിഷൻ, കൊല്ലം – 691 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 12.01.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 08.02.2019 |
| ഒന്നാം അപ്പീൽ | 07.03.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 26.04.2019 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 22.07.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ. തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എൻ.എം.രാജൻ 12.01.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 08.02.2019 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 07.03.2019 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 26.04.2019 ൽ തീർപ്പാക്കുകയും ചെയ്തു.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ വിവരാവകശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ 08.02.2019 ൽ നൽകിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഓഫീസ് രേഖകളിൽ ലഭ്യമല്ലാത്തതിനാൽ നൽകാൻ കഴിയില്ലെന്നും മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ള നിരാക്ഷേപപത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്നും നിലവിൽ കോർപ്പറേഷൻ സെക്രട്ടറി ലോക്കൽ കമ്മിറ്റിയുടെ രേഖകൾ വച്ച് അപേക്ഷ സമർപ്പിച്ചാൽ കണക്ഷൻ കൊടുക്കാമെന്നും കോർപ്പറേഷന്റെ കെട്ടിടം ആയതുകൊണ്ട് എൻ.ഒ.സി വേണമെന്നും എൻ.ഒ.സി കൊണ്ടുവരുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

5. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും നോട്ടീസ് പോലും നൽകാതെയാണ് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതെന്നും, കുടിശ്ശിക വരുത്തിയിട്ടില്ലെന്നും വൈദ്യുതി കണക്ഷൻ ഇല്ലാത്തതുകൊണ്ട് ബിസിനസ്സ് നടത്താൻ കഴിയുന്നില്ലെന്നും വൈദ്യുതി പുന:സ്ഥാപിച്ചു കിട്ടണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

6. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നത് പ്രശ്ന പരിഹാരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. പ്രശ്ന പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ഹർജിക്കാരൻ എൻ.ഒ.സി ഹാജരാക്കിയാൽ വൈദ്യൂതി കണക്ഷൻ നൽകുന്നതാണെന്ന് എസ്.പി.ഐ.ഒ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.ഒ.സി യ്ക്ക് അപേക്ഷ കൊടുത്ത് ടി എൻ.ഒ.സി. കോർപ്പറേഷനിൽ ഹാജരാക്കി പ്രശ്ന പരിഹാരം കാണേണ്ടതാണെന്ന് ഹർജിക്കാരന് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 12 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
Jn